"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 18. 08. 2023

# "കൈക്കൂലി വാങ്ങവേ എൽ. പി. സ്കൂൾ ഹെഡ് മാസ്റ്റർ വിജിലൻസ് പിടിയിലായി."

കോട്ടയം ചാലുകുന്ന് സി. എൻ. ഐ, എൽ. പി. സ്കൂൾ ഹെഡ് മാസ്റ്ററായ സാം ജോൺ റ്റി തോമസ്സിനെ കോട്ടയം വെസ്റ്റ് ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്കെന്ന പേരിൽ അദ്ധ്യാപികയിൽ നിന്നും 10,000/- രൂപ കൈക്കൂലി വാങ്ങവെ ഇന്ന് (18/08/2023) കോട്ടയം വിജിലൻസിന്റെ പിടിയിലായി.

കോട്ടയം സ്വദേശിനിയും, മറ്റൊരു സ്കൂൾ അദ്ധ്യാപികയായ പരാതിക്കാരിയുടെ, സേവന കാലാവധി റെഗുലറൈസ് ചെയ്യുന്നതിലേക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോട്ടയം വെസ്റ്റ് ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് കോട്ടയം ചാലുകുന്നിൽ പ്രവർത്തിക്കുന്ന സി. എൻ. ഐ, എൽ. പി. സ്കൂളിലെ ഹെഡ്മാസ്റ്റർ ആയ സാം ജോൺ റ്റി തോമസ് ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് കൈക്കൂലി നൽകി വേഗത്തിൽ ശരിയാക്കി തരാം എന്ന് പറഞ്ഞുകൊണ്ട് പരാതിക്കാരിയിൽ നിന്നും, 10,000/- രൂപ കൈക്കൂലി നൽകണമെന്ന് ആവശ്യപ്പെട്ട വിവരം പരാതിക്കാരി കോട്ടയം വിജിലൻസ് കിഴക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. വി. ജി. വിനോദ് കുമാറിനെ അറിയിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം കോട്ടയം വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി. ശ്രീ. രവി കുമാർ. വി. ആർ. ന്റെ നേതൃത്വത്തിൽ ഇൻസ്പെക്ടർമാരായ ശ്രീ. രമേശ്. ജി, ശ്രീ. പ്രദീപ് എസ്സ്, അൻസൽ. എ. എസ്സ്, മഹേഷ് പിള്ള, , എന്നിവരുൾപ്പെട്ട വിജിലൻസ് സംഘമാണ് ഇന്ന് (18/08/2023) രാവിലെ 11:00 മണിക്ക് സ്കൂളിൽ വച്ച് പരാതിക്കാരിയിൽ നിന്നും കൈക്കൂലി വാങ്ങവെ ഹെഡ് മാസ്റ്ററായ സാം ജോൺ റ്റി തോമസ്സിനെ കൈയോടെ പിടികൂടിയത്. ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് ഇതുമായി

ബന്ധമുണ്ടോയെന്ന് വരും ദിവസങ്ങളിൽ പരിശോധിക്കുന്നതാണെന്ന് വിജിലൻസ് അറിയിച്ചു. പ്രതിയെ കോട്ടയം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ്. ജനങ്ങളോട് അഭ്യർത്ഥിച്ചു.